# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2475** **12.02.2020 ൽ മറുപടിയ്ക്ക്**

## സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്ന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീ. എം. എം. മണി**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ കാലയളവിൽ ആരംഭിക്കുകയും, പണി പൂർത്തിയാക്കുകയും ചെയ്ത പദ്ധതികളിൽ നിന്നും ഇതിനകം എത്ര മെഗാവാട്ട് വൈദ്യുതി ഏതൊക്കെ പദ്ധതികളിൽ നിന്നുമാണ് ഉല്പാദിപ്പിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പഴശ്ശിസാഗർ, ചിന്നാർ, പെരുവണ്ണാമൂഴി, അപ്പർ കല്ലാർ പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു ഇതിൽ കണ്ണൂർ ജില്ലയിലെ **7.5** മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന പഴശ്ശിസാഗർ ചെറുകിട ജല വൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 27.10.2017 ൽ ആരംഭിച്ചു. ഈ പദ്ധതിയിൽ നിന്നും പ്രതിവർഷം **25.16** ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയും. 24 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ചിന്നാർ ചെറുകിട ജല വൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം 19.3.2018 ൽ ആണ് ആരംഭിച്ചത്. പദ്ധതിയുടെ വാർഷിക ഉല്പാദനശേഷി **76.45** ദശലക്ഷം യൂണിറ്റാണ്. കോഴിക്കോട് ജില്ലയിലെ 6 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം 25.5.2018 ൽ ആരംഭിച്ചു. പദ്ധതി പൂർത്തിയാകുന്നതു വഴി പ്രതിവർഷം **24.7** ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയും. ഇടുക്കി ജില്ലയിലെ 2 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള അപ്പർ കല്ലാർ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം 12.08.2016 - ൽ ആരംഭിച്ചു. 2020 മാർച്ച് മാസം കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുള്ള ഈ പദ്ധതി പൂർത്തിയാകുന്നതു വഴി **5.14** ദശലക്ഷം യൂണിറ്റ് വൈദ്യുതി പ്രതിവർഷം ഉല്പാദിപ്പിക്കുവാൻ കഴിയും.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നിർമ്മാണം പൂർത്തീകരിച്ച ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :<br><br>പത്തനംതിട്ട ജില്ലയിലെ 6 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതി നിർമ്മാണം പൂർത്തിയാക്കി 03.06.2017 മുതൽ വൈദ്യുതി ഉല്പാദനം ആരംഭിച്ചു. |

| | | | |
|---|---|---|---|
| | | : | ഈ പദ്ധതി 23.10.2017 ൽ കമ്മീഷൻ ചെയ്തു. ഈ പദ്ധതിയിൽ നിന്നും പ്രതിവർഷം **25.77** ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയും. ഇടുക്കി ജില്ലയിലെ **3.6** മെഗാവാട്ട് സ്ഥാപിതശേഷിയുള്ള വെള്ളത്തൂവൽ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം പൂർത്തിയാക്കി 08.09.2016-ൽ കമ്മീഷൻ ചെയ്തു. ഈ പദ്ധതിയിൽ നിന്നും പ്രതിവർഷം **12.17** ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയും. കോഴിക്കോട് ജില്ലയിലെ 3 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കക്കയം ചെറുകിട ജലവൈദ്യുത പദ്ധതി നിർമ്മാണം പൂർത്തിയാക്കി 16.07.2018 ൽ കമ്മീഷൻ ചെയ്തു. ഈ പദ്ധതിയിൽ നിന്നും പ്രതിവർഷം **10.39** ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയും. ഈ കാലയളവിൽ KSEB ഇതിനോടകം നേരിട്ട് പൂർത്തീകരിച്ച 3 ജലവൈദ്യുത പദ്ധതികൾക്ക് പുറമേ 10 ജലവൈദ്യുത പദ്ധതികൾ (ആകെ ശേഷി **193.5** MW) നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ എത്തിനിൽക്കുന്നു. |
| (ബി) | സംസ്ഥാനത്തെ ജില്ലാ പഞ്ചായത്തുകൾ, കളക്ടേറ്റുകൾ, വൈദ്യുതി ബോർഡിന്റെ കെട്ടിടങ്ങൾ എന്നിവയുടെ മുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (ബി) & (സി) | സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത്, കളക്ടറേറ്റ്, വൈദ്യുതി ബോർഡ് കെട്ടിടങ്ങളുടെ മുകളിൽ **18.96** MWp ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയുടെ നിർമ്മാണപ്രവർത്തങ്ങൾ നടന്നു വരുന്നു. ഇവയുടെ വിശദാംശങ്ങൾ **അനുബന്ധം** ആയി ചേർത്തിരിക്കുന്നു. |
| (സി) | ഇതിലൂടെ എത്ര കിലോവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**

24.

അനുബന്ധം 1

## നിർമ്മാണം നടക്കുന്ന സൌരോർജ്ജ പദ്ധതികൾ

| നം: | പ്രോജക്റ്റ് | സ്ഥാപിത ശേഷി (MWp |
|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് കണ്ണൂർ (29 നം) | 0.67 |
| 2 | ജില്ലാ പഞ്ചായത്ത് കണ്ണൂർ (29 നം) – രണ്ടാം ഘട്ടം | 0.45 |
| 3 | ജില്ലാ പഞ്ചായത്ത് കണ്ണൂർ (29 നം) – മൂന്നാം ഘട്ടം | 0.335 |
| 4 | ജില്ലാ പഞ്ചായത്ത് കോഴിക്കോട് (44 നം) | 0.480 |
| 5 | നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് | 0.025 |
| 6 | കരിയോട്ടുമല ഫാം | 0.0055 |
| 7 | ജില്ലാ പഞ്ചായത്ത് മലപ്പുറം (11 നം) | 0.110 |
| 8 | ജില്ലാ പഞ്ചായത്ത് കാസർഗോഡ് ഒന്നാംഘട്ടം (3 നം) | 0.195 |
| 9 | ജില്ലാ പഞ്ചായത്ത് കാസർഗോഡ് രണ്ടാം ഘട്ടം (5 നം) | 0.335 |
| 10 | ജില്ലാ പഞ്ചായത്ത് കാസർഗോഡ് മൂന്നാം ഘട്ടം (5 നം) | 0.09 |
| 11 | ജില്ലാ പഞ്ചായത്ത് കാസർഗോഡ് നാലാം ഘട്ടം (5 നം) | 0.2 |
| 12 | ജില്ലാ പഞ്ചായത്ത് കോട്ടയം | 0.022 |
| 13 | കാലിക്കറ്റ് സർവ്വകലാശാല (യു.ഒ.സി) | 0.057 |
| 14 | ആറ്റിങ്ങൽ മുനിസിപ്പാലിറ്റി ഒന്നാം ഘട്ടം | 0.027 |
| 15 | ആറ്റിങ്ങൽ മുനിസിപ്പാലിറ്റി രണ്ടാം ഘട്ടം | 0.027 |
| 16 | ആറ്റിങ്ങൽ മുനിസിപ്പാലിറ്റി മൂന്നാം ഘട്ടം | 0.056 |
| 17 | ജില്ലാ പഞ്ചായത്ത് കൊല്ലം (5 നം) | 0.09 |
| 18 | തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്, വയനാട് | 0.0125 |
| 19 | ഡിസ്ട്രിക്ക് ഹോസ്പിറ്റൽ മാനന്തവാടി | 0.017 |
| 20 | കേരള ആരോഗ്യ സർവ്വകലാശാല (കെ.യു.എച്ച്.എസ് ) | 0.25 |
| 21 | തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് | 0.506 |
| 22 | മെഡിക്കൽ കോളേജ് (തിരുവനന്തപുരം & പാരിപ്പള്ളി) | 1.260 |
| 23 | കൊട്ടിയം, കൊല്ലം | 0.60 |
| 24 | മയിലാട്ടി, കാസർഗോഡ് | 1.00 |
| 25 | കെ.എസ്.ഇ.ബി.എൽ ന്റെ അധീനതയിലുള്ള വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ | 1.12 |
| 26 | പാലക്കാട് ജില്ലാ പഞ്ചായത്ത് – അഗളി ഗോട്ട് ഫാം | 0.5 |
| 27 | വയനാട് ഡിസ്ട്രിക്ക് കോർട്ട് | 0.045 |
| 28 | മുനിസിപ്പൽ കോർപ്പറേഷൻ, കോഴിക്കോട് (2 സർക്കാർ സ്കൂൾ , ജി.ജി.വി.എച്ച്.എസ്.എസ് നടക്കാവ്, ജി.എൽ.പി.എസ്, എരഞ്ഞിക്കൽ) | 0.025 |
| 29 | കൊയിലാണ്ടി താലൂക്ക് ആശുപത്രി | 0.030 |
| 30 | നെന്മാറ | 0.5 |
| 31 | കല്ലട ഫ്ലോട്ടിംഗ് സോളാർ പദ്ധതി | 10 |
|  | **ആകെ** | **18.96** |

Issued

സെക്ഷൻ ഓഫീസർ